# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ജൂലൈ 14, വ്യാഴം

## No. 12

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

(1) അസംസ്കൃത എണ്ണയുടെ വിലയിടിവും സൗദി അറേബ്യയിൽ നടപ്പാക്കുന്ന 'നിതാഖാത് ' വ്യവസ്ഥകളുംമൂലം ഗൾഫ് രാജ്യങ്ങളിൽ നിന്ന് മടങ്ങി വരുന്നതായി പറയപ്പെടുന്ന പ്രവാസി മലയാളികളുടെ പുനരധിവാസം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. വി. അബ്ദുൾ ഖാദർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് 'ശ്രുതിതരംഗം' പദ്ധതി പ്രകാരം നൽകിയിട്ടുള്ള ശ്രവണ സഹായ ഉപകരണങ്ങൾക്ക് അധികകാല വാറന്റിയോ സർവ്വീസ് കരാറോ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എം. കെ. മുനീർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

മേശപ്പുറത്തുവച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ സഭയുടെ മേശപ്പുറത്തുവച്ചു :

[ചട്ടം 47(2) പ്രകാരമുള്ളത് ]

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3302, പതിനഞ്ചാം സമ്മേളനത്തിലെ 1885, പതിനാറാം സമ്മേളനത്തിലെ 98 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

KNPP. 822/2016.(i)

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4545, 5893, പതിനഞ്ചാം സമ്മേളനത്തിലെ 569 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

<u>ധനകാര്യം</u>

വോട്ട് ഓൺ അക്കൗണ്ട് —ചർച്ചയും വോട്ടെടുപ്പും :

2016-17 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ചെലവുകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ഉപക്ഷേപം ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചു. ഉപക്ഷേപത്തിന് താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി :

2, 3, 5, 6, 7, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 46.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. വി. കെ. സി. മമ്മത് കോയ
2. ശ്രീ. കെ. എസ്. ശബരീനാഥൻ
3. ശ്രീമതി സി. കെ. ആശ
4. ശ്രീ. സി. കെ. നാണു
5. ശ്രീ. അബ്ദുൽ ഹമീദ്. പി.
6. ശ്രീ. എ. എൻ. ഷംസീർ
7. ശ്രീ. റോഷി അഗസ്റ്റിൻ
8. ശ്രീ. കാരാട്ട് റസാഖ്
9. ശ്രീ. പി. സി. ജോർജ്
10. ശ്രീ. മുല്ലക്കര രത്നാകരൻ
11. ശ്രീ. മുരളി പെരുനെല്ലി
12. ശ്രീ. അനിൽ അക്കര
13. ശ്രീ. കെ. ജെ. മാക്സി
14. ശ്രീ. ആന്റണി ജോൺ
15. ശ്രീ. പി. കെ. ബഷീർ

16. ശ്രീ. ഡി. കെ. മുരളി

17. ശ്രീ. എ. എം. ആരിഫ്

18. ശ്രീ. വി. എസ്. ശിവകുമാർ

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ എന്നിവർ ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മറുപടി നൽകി. അവതരിപ്പിച്ച ഭേദഗതികൾ വോട്ടിനിടുകയും തള്ളിയതായി പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം ഉപക്ഷേപം വോട്ടിനിടുകയും സഭ പാസാക്കുകയും ചെയ്തു.

നിയമനിർമ്മാണകാര്യം :

പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

(ബില്ലിന്റെ അവതരണത്തിന് എതിരെ ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. എം. ഉമ്മർ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവർ തടസ്സവാദം ഉന്നയിച്ചു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ പ്രഖ്യാപിച്ചു.)

ശ്രീ. എം. ഉമ്മർ, ശ്രീ. വി. ഡി. സതീശൻ എന്നിവർ പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയും ശ്രീ. രാജു എബ്രഹാം, ശ്രീ. മുല്ലക്കര രത്നാകരൻ എന്നിവർ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന ഭേദഗതിയും അവതരിപ്പിച്ചു. ശ്രീ. എം. ഉമ്മറിന്റെയും ശ്രീ. വി. ഡി. സതീശന്റെയും ഭേദഗതികൾ പ്രസ്സ് ചെയ്തതിനാൽ അവ വോട്ടിനിടുകയും സഭ തള്ളുകയും ചെയ്തു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2016 ജൂലൈ 15 വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും ചേരുന്നതിനായി വൈകുന്നേരം 4.19-ന് സഭ പിരിഞ്ഞു.

പി. ജയലക്ഷ്മി,

*സെക്രട്ടറി-ഇൻ-ചാർജ്.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**First Session**

# BULLETIN—PART I

(Brief Record of proceedings)

*Thursday, July 14, 2016*

**No. 12**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Three questions in the list of questions posted for the day were answered orally.

*Calling Attention* :

(1) Shri K. V. Abdul Khader called the attention of the Chief Minister to the necessity to ensure rehabilitation of expatriate Keralites who are reported to be forced to return from Gulf countries due to the fall in crude oil price and the implementation of 'Nithakhat' regulation in Saudi Arabia. The Chief Minister made a statement thereto.

(2) Dr. M. K. Muneer called the attention of the Minister for Health and Social Justice to the necessity to effect extended warranty or service contract for the hearing aid equipments supplied under the 'Sruthitharangam' Scheme in the State. The Minister made a statement thereto.

*Papers laid on the Table* :

The following papers were laid on the table :

[ചട്ടം 47(2) പ്രകാരമുള്ളത്]

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3302, പതിനഞ്ചാം സമ്മേളനത്തിലെ 1885, പതിനാറാം സമ്മേളനത്തിലെ 98 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

KNPP. 822/2016 (ii).

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4545, 5893, പതിനഞ്ചാം സമ്മേളനത്തിലെ 569 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

*Financial Business* :

Vote on Account— Discussion and Voting :

Dr. T. M. Thomas Isaac, Minister for Finance and Coir moved the motion regarding the Demands for Grants on Account toward defraying the charges during the months of August, September and October for the financial year 2016-17. The following amendments were moved :

2, 3, 5, 6, 7, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 46.

The following members took part in the discussion :

1. Shri V. K. C. Mammed Koya
2. Shri K. S. Sabarinadhan
3. Smt. C. K. Asha
4. Shri C. K. Nanu
5. Shri Abdul Hameed. P.
6. Shri A. N. Shamseer
7. Shri Roshy Augustine
8. Shri Karat Razack
9. Shri P. C. George
10. Shri Mullakkara Retnakaran
11. Shri Murali Perunelly
12. Shri Anil Akkara
13. Shri K. J. Maxy
14. Shri Antony John

15. Shri P. K. Basheer
16. Shri D. K. Murali
17. Shri A. M. Ariff
18. Shri V. S. Sivakumar

Dr. T. M. Thomas Isaac, Minister for Finance and Coir and Shri E. Chandrasekharan, Minister for Revenue and Housing replied to the points raised in the discussion. The amendments moved were put to vote and declared lost. The motion was then put to vote and passed by the House.

*Legislative Business* :

Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs, introduced the Legislative Assembly (Removal of Disqualifications) Amendment Bill, 2016 and moved that the Bill be referred to Subject Committee.

(After hearing the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs the Speaker overruled the objections raised against the introduction of the Bill, by Shri Ramesh Chennithala, Shri M. Ummer, Shri V. D. Satheesan, Shri K. C. Joseph and Shri K. M. Mani.).

Shri M. Ummer and Shri V. D. Satheesan moved the amendment to circulate the bill for eliciting public opinion. Shri Raju Abraham and Shri Mullakkara Retnakaran moved the amendment to refer the bill to a Select Committee. After the reply by the Minister the amendments moved by Shri M. Ummer and Shri V. D. Satheesan were put to vote and declared lost. The other amendments moved were withdrawn by the leave of the House. Then the motion was passed and the bill was referred to Subject Committee XIV—Home Affairs.

The House adjourned at 4.19 p. m. to meet again at 8.30 a. m. on Friday, July 15, 2016.

P. JAYALEKSHMI,
*Secretary-in-charge.*